## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 552 — 09/07/2012 -ൽ മറുപടിക്ക്

## സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. അച്ചുതൻ<br>ശ്രീ. കെ. ശിവദാസൻ നായർ<br>ശ്രീ. ബെന്നി ബെഹനാൻ<br>ശ്രീ. ജോസഫ് വാഴക്കൻ | ശ്രീ. പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ സ്കൂളുകളിൽ സ്കൂൾ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;<br><br>(ബി) പ്രസ്തുത കമ്മിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br><br>(സി) കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമാണ് ;<br><br>(ഡി) ഏതെല്ലാം സ്കൂളുകളിലാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ? | (എ), (ബി), (സി) ആന്റ് (ഡി)<br><br>സ്കൂൾ തലത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല. നിലവിൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ തുടർ മൂല്യനിർണ്ണയവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് കമ്മിറ്റികൾ പ്രവർത്തിച്ച് വരുന്നുണ്ട്. തുടർ മൂല്യനിർണ്ണയം കുറ്റമറ്റതാക്കുവാനുള്ള സംവിധാനം എന്ന നിലയിലാണ് ടി കമ്മിറ്റികൾ പ്രവർത്തിക്കുന്നത്. സംസ്ഥാന തലത്തിൽ ക്യൂ.ഐ.പി. മോണിറ്ററിംഗ് കമ്മിറ്റി എന്ന സംവിധാനവും പ്രവർത്തിച്ച് വരുന്നുണ്ട്. പ്രസ്തുത സമിതി ജില്ലാതലത്തിലും രൂപകരിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾ തലത്തിൽ രൂപീകരിക്കാൻ യാതൊരു നിർദ്ദേശവും നൽകിയിട്ടില്ല. |

സെക്ഷൻ ഓഫീസർ